## എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

NO TO DRUGS

(സാന്നിധ്യം.ഹണി ജി അലക്സാണ്ടർ)

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - അധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റവും നിയമനവും - 2024-25- എച്ച്.എസ്.ടി (ഹിന്ദി) - അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2024 തിയതിയിലെ DGE /24296/ 2024/ A1 നമ്പർ സർക്കുലർ

2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27.12.2024 തിയതിയിലെ DGE /20836/ 2024/ A1 നമ്പർ സർക്കുലർ

3) സ.ഉ ( അച്ചടി ) നം. 36/1991/ ഉ.ഭവ തിയതി 02.12.1991

4) സ.ഉ ( അച്ചടി ) നം. 120/1999/ പൊവി.വ തിയതി 23.05.1999

5) സ.ഉ ( അച്ചടി ) നം. 42/2012/ ഉ.ഭവ തിയതി 23.08.2012

6) അധ്യാപകരുടെ അന്തർ ജില്ലാ സ്ഥലമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകൾ

7)27/03/25 തീയ്യതിയിൽ പൊതു വിദ്യാഭ്യാസഡയറക്ടർ നൽകിയിരിക്കുന്ന DGE/20836/2024-A1 നം കത്ത്

**ഉത്തരവ് നമ്പർ DDEEKM/10237/2024-A3(1) ; തീയതി : 28-03-2025**

എറണാകുളം റവന്യൂ ജില്ലയിലെ സർക്കാർ സ്കൂളുകളിലേക്കുള്ള അധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോരിറ്റി / പ്രയോരിറ്റി എന്നിവ പരിഗണിച്ച് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന അധ്യാപകരെ ടിയാളുകളുടെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന സ്കൂളിൽ സ്ഥലംമാറ്റം നല്കി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു . അധ്യാപകരുടെ സർവിസ് സീനിയോരിറ്റി എറണാകുളം ജില്ലയിൽ പ്രവേശിക്കുന്ന തീയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ .എറണാകുളം ജില്ലയിൽ പ്രവേശിക്കുന്ന ദിവസം ടി അധ്യാപകർ ഈ ജില്ലയിലെ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും . ജില്ലാന്തര സ്ഥലം മാറ്റം ലഭിച്ച അധ്യാപികയെ വിടുതൽ ചെയ്യുന്നതിന് മുൻപ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ആഫിസ് മേലധികാരി മേലൊപ്പ് ചാർത്തി സേവന പുസ്തകത്തിൽ പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ് .

പരാമർശം 7 പ്രകാരം അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ ഈ ഉത്തരവ് കൈപ്പറ്റി 2025 ഏപ്രിൽ 30 നുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് . അല്ലാത്ത പക്ഷം ടി സ്ഥലം മാറ്റ ഉത്തരവ് യാതൊരു മുന്നറിയിപ്പും ഇല്ലാതെ റദ്ദ് ചെയ്യുന്നതായിരിക്കും . ടി അധ്യാപകരെ വിടുതൽ

ചെയ്യുന്ന തീയ്യതിയും ജോലിയിൽ പ്രവേശിക്കുന്ന തീയ്യതിയും ഈ ആഫിസിൽ യഥാസമയം അറിയിക്കേണ്ടതാണ് . സ്ഥലം മാറ്റം നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം ഉചിതമാർഗേണ ഈ ആഫിസിൽ അറിയിക്കേണ്ടതാണ് . തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാന്തര സ്ഥലം മാറ്റമെന്ന് ബോധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃപരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും . മേൽ പരാമർശം( 5) സർക്കാർ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലം മാറ്റം ലഭിക്കുന്ന അദ്ധ്യാപകർ ഈ ജില്ലയിൽ പുതിയതായി നിരീക്ഷണകാലയളവ് പൂർത്തീകരിക്കേണ്ടതാണ് .

| ക്രമ നമ്പർ | അധ്യാപകൻ/ അധ്യാപികയുടെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ & ജില്ല | സ്ഥലമാറ്റം അനുവദിക്കുന്ന സ്കൂൾ | മറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | BEETA JOSEPH A J | HST HINDI | GHSS KOKKUR , MALAPPURAM | GHSS PUTHENTHODE | GENERAL |

Signed by
Honey G Alexander
Date: 28-03-2025 17:40:45

ഹണി ജി അലക്സാണ്ടർ
PEN:260395
വിദ്യാഭ്യാസ ഡയറക്ടർ എറണാകുളം

സ്വീകർത്താവ് :

1) ശ്രീമതി ബീറ്റ ജോസഫ് എ. ജെ.
2) പ്രധാനാധ്യാപകൻ , GHSS കോക്കൂർ, മലപ്പുറം
3) പ്രധാനാധ്യാപകൻ , GHSS പുത്തൻതോട്
4) വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം
5) കരുതൽ ഫയൽ

OFFICE OF THE DEPUTY DIRECTOR (EDUCATION) KOCHI-30